# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4033 20.07.2015 - ൽ മറുപടിക്ക്

## മൂലക്കീൽക്കടവ് പാലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിനെയും പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന മൂലക്കീൽക്കടവ് പാലത്തിന് സ്ഥലം ലഭ്യമാക്കിയിട്ടും ഭരണാനുമതിയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതെന്തുകൊണ്ടെന്ന് അറിയിക്കാമോ ; | (എ) | വിശദമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി വന്നതിനാലാണ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. |
| (ബി) | പാലത്തിന്റെ ഡിസൈൻ മാറ്റണമെന്ന് ആവശ്യപ്പെട്ട് ഇൻലാൻഡ് നാവിഗേഷന്റെ കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് ലഭിച്ചത് എന്നാണ് ; | (ബി) | എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 26.09.2013 - ൽ കത്ത് ലഭിച്ചിട്ടുണ്ട്. |
| (സി) | കത്ത് കിട്ടി രണ്ടു വർഷമായിട്ടും ഡിസൈൻ തയ്യാറാക്കുന്നതിലുള്ള കാലതാമസം എന്താണെന്ന് അറിയിക്കുമോ ; | (സി) & (ഡി) | കത്തിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ അംഗീകരിച്ച ഡിസൈൻ മാറ്റി ഡിസൈൻ ചെയ്യേണ്ടതായിട്ടുണ്ട്. പുതുക്കിയ ഡിസൈൻ തയ്യാറാക്കി എത്രയും വേഗം ഭരണാനുമതി നൽകുന്നതാണ്. |
| (ഡി) | പുതുക്കിയ ഡിസൈൻ എപ്പോഴേക്ക് തയ്യാറാക്കാൻ കഴിയുമെന്നും വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി എപ്പോൾ സമർപ്പിക്കാൻ കഴിയുമെന്നും അറിയിക്കുമോ ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ